(ബി) പ്രസ്തുത തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക അർബറാക് ബാങ്കിൽനിന്നും വായ്പയായി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ബാങ്കുമായി ഇതുസംബന്ധിച്ച് എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ചർച്ചയുടെ വിശദാംശങ്ങൾ നൽകുമോ ;

(എഫ്) പ്രസ്തുത ബാങ്കുമായി സർക്കാർ ഏതെങ്കിലും ധാരണയിൽ എത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷത്തെ ബജറ്റിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 5686.66 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത തുക പൊതുവിപണിയിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയായി എടുക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) അർബറാക്ക് എന്ന പലിശരഹിത ധനകാര്യ സ്ഥാപനം പ്രവർത്തനമാരംഭിക്കുന്ന ഘട്ടത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര റോഡ് വികസന പദ്ധതിക്കുള്ള വിഭവസമാഹരണത്തിനായി ആ സ്ഥാപനത്തിനെ സമീപിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി-എഫ്) പ്രസ്തുത ധനകാര്യ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചോദ്യങ്ങൾക്ക് പ്രസക്തിയില്ല.

2010-11 വാർഷിക ബജറ്റിൽ സ്ത്രീകൾമാത്രം ഗുണഭോക്താക്കളായ സ്കീം/ സ്കീമുകൾ സംബന്ധിച്ച്

94 (2572) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 വാർഷിക ബജറ്റിൽ സ്ത്രീകൾമാത്രം ഗുണഭോക്താക്കളായ സ്കീമുകൾക്ക് എത്ര രൂപ നീക്കിവച്ചിരിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഏതെല്ലാം സ്കീമുകൾക്ക് തുക അനുവദിച്ചുവെന്നും ഇതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) വാർഷിക പദ്ധതിയുടെ എത്ര ശതമാനമാണ് ഇതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2010-11 വാർഷിക ബഡ്ജറ്റിൽ സ്ത്രീകൾമാത്രം ഗുണഭോക്താക്കളായ പദ്ധതിയിന സ്കീമുകൾക്ക് 30732 ലക്ഷം വകയിരുത്തിയിട്ടുണ്ട്. ഇത് വിവിധ സർക്കാർ വകുപ്പുകൾവഴി നടപ്പിലാക്കുന്ന പദ്ധതികൾക്കാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന പദ്ധതികൾ ഇതിന് പുറമേയാണ്.

(ബി) ഇതിനുള്ള ഉത്തരം പുറകെ ചേർക്കുന്നു :

നമ്പർ	പദ്ധതി	അനുവദിച്ച തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക
(1)	(2)	(3)	(4)
1.	പച്ചക്കറി പ്രോത്സാഹന പദ്ധതി	53.20	
2.	നെൽകൃഷി വികസനം	2.50	
3.	സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ (സംസ്ഥാന വിഹിതം)	10.00	
4.	കോഴിവളർത്തൽ കേന്ദ്രങ്ങളും കോഴി ഉൽപ്പാദന വികസനവും	40.00	
5.	പന്നി വംശവർദ്ധന കേന്ദ്രം	15.00	
6.	ആടുവളർത്തൽ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തൽ	10.00	
7.	കാവിവളർത്തൽ കേന്ദ്രം	22.00	
8.	പോൾട്രി വികസനം കെഎസ്എിഡിസി-യുടെ ആഭിമുഖ്യത്തിൽ	200.00	
9.	കോഴിവളർത്തൽ കേന്ദ്രങ്ങളും കോഴി ഉൽപ്പാദന വികസനവും	125.00	
10.	മിൽക്ക് ഷെഡ് വികസന പദ്ധതി	120.00	
11.	എൻ. സി. ഡി. സി. - യുടെ സാങ്കേതിക സഹായത്തോടുകൂടി നടപ്പാക്കുന്ന സംയോജിത മത്സ്യ വികസന പദ്ധതി (എൻ.സി.ഡി.സി.-യുടെ വിഹിതം)	7.50	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
12.	മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുള്ള സ്വയം സഹായ പദ്ധതി	50.00	
13.	എൽ.ബി.സി.എച്ച്.ഡി.സി., എൻ.എം.ഡി.എച്ച്.സി. എന്നീ പദ്ധതികളുടെകീഴിൽ വായ്പ എടുക്കുന്നതിനായി സ്ഥാപനം കരുതേണ്ട മുൻകൂർ തുക	20.00	അന്തിമ കണക്ക് ലഭ്യമായിട്ടില്ല.
14.	പൊതുജന സേവന ക്രെഡിറ്റ് സപ്പോർട്ട്	30.00	
15.	മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സഹായം	200.00	
16.	സുവർണ്ണ ജയന്തി ഗ്രാമസരോസ്ഗാർ പദ്ധതി	1078.00	
17.	ഇന്ദിരാ ആവാസ് യോജന	5529.00	
18.	ചെറുകിട ഉദ്യമകർത്താക്കൾക്ക് സീഡ് ക്യാപിറ്റൽ വായ്പകൾ	200.00	
19.	വ്യവസായരൽക്കൃത സഹകരണ സംഘങ്ങൾ	5.00	
20.	സമഗ്ര വ്യവസായ പരിപാടി	22.00	
21.	സംസ്ഥാന നിക്ഷേപ സഹായധനം	80.00	
22.	സിഡ്കോ	2.00	
23.	സാങ്കേതികവിദ്യയും നവീകരണവും	8.00	
24.	കൃഷിയെ അടിസ്ഥാനമാക്കിയുള്ള ഭക്ഷ്യ സംസ്ക്കരണ വ്യവസായം	100.00	
25.	വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്	2.00	
26.	ചെറുകിട വ്യവസായ സംഘങ്ങളുടെ വികസന പദ്ധതി	20.00	
27.	വാണിജ്യ വികസനം	3.00	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
28.	സ്ത്രീ സംരംഭകർക്ക് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി	200.00
29.	കരകൗശല മേഖലയിൽ സഹായം	13.00
30.	കരകൗശല പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള മൂലധന ഓഹരി അംശദാനം	0.50
31.	കരകൗശല മേഖലയിൽ പൊതുവായ സൗകര്യങ്ങൾ	5.00
32.	കരകൗശല മേഖലയിൽ ഉദ്യമകർത്തവ്യ സഹായം	20.00
33.	മുള വ്യവസായ വികസനം	0.10
34.	പ്രൈമറി വ്യവസായ സഹകരണ സംഘങ്ങളിൽ സംസ്ഥാന പങ്കാളിത്തം	50.00
35.	വിഭാവനയും കയറ്റുമതി പദ്ധതിയും	120.00
36.	പരിശീലന വികസന പദ്ധതി	75.00
37.	നെയ്ത്തുകാർക്ക് മേൽത്തരം അസംസ്കൃത വസ്തുക്കൾ	270.00
38.	കൈത്തറി വികസനം സംസ്ഥാന പങ്കാളിത്തം	400.00
39.	യന്ത്രത്തറികളായി ഉയർത്തലും ഹാഫ്റ്റി ടൈപ്പ് സൊസൈറ്റികളായി നവീകരിക്കലും	60.00
40.	മിനി ഡ്രൈ-ലും പ്രോസസ് സെന്ററുകൾ സ്ഥാപിക്കൽ	37.50
41.	കൈത്തറി നെയ്ത്തുക്കാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കലും പുതിയ സാങ്കേതിക സഹായംനൽകലും	30.00

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	
42.	കൈത്തറി സഹകരണ സംഘങ്ങളും അപ്പക്സ് സംഘങ്ങളും പുനരുജ്ജീവിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും	27.50	
43.	നെയ്ത്ത് വിദഗ്ദ്ധർക്ക് ഉത്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനംനൽകുന്നതിന്	3.00	
44.	കൈത്തറി നെയ്ത്തുക്കാരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്താൻ പരിശീലനത്തിനായി നെയ്ത്തു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്	15.00	
45.	കൈത്തറി വ്യവസായത്തിൽ മേഖലാ ബ്രാന്റുകൾ വികസിപ്പിക്കുന്നതിന്	2.00	അന്തിമ കണക്ക് ലഭ്യമായിട്ടില്ല.
46.	അംശദാന മിതവ്യയഫണ്ട്	36.00	
47.	പ്രീലൂം സംസ്കരിക്കുന്നതിൽ ഭാഗികമായിട്ടുള്ള യന്ത്രവൽക്കരണം	15.00	
48.	കൈത്തറി തുണിത്തരങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിശീലനവും പഠനവും പ്രചരണവും	15.00	
49.	കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ നൂൽ ഉൽപ്പാദന സെന്ററുകളുടെ വികസനം	20.00	
50.	കേരള സംസ്ഥാന സഹകരണ ടെക്സ്റ്റയിൽ ഫെഡറേഷന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനഃരുജ്ജീവനം	85.00	
51.	പ്രത്യേക വിപണന പ്രോത്സാഹന സഹായം	50.00	
52.	യന്ത്രത്തറി നെയ്ത്തിന്റെ നവീകരണ പരിശീലന പരിപാടി	3.00	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
53.	പാവർവും കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം	2.00
54.	തുണി സഞ്ചി നിർമ്മാണ പദ്ധതി	75.00
55.	കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ടിനും കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കുള്ള ഗ്രാന്റ്	780.00
56.	പൊതു മേഖലാ സ്ഥാപനങ്ങളിലും കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കുമുള്ള മാർജിൻ മണി ലോൺ	3.00
57.	നബാർഡിന്റെ സഹായത്തോടെയുള്ള കായലോരങ്ങളിൽ ചകിരിപിരിക്കൽ മില്ലുകൾ സ്ഥാപിക്കൽ	500.00
58.	കായൽ തൊഴിലാളികൾക്ക് നേരിട്ടുള്ള ക്ഷേമ സഹായം	25.00
59.	വകുപ്പുതല ഖാദി നിർമ്മാണ കേന്ദ്രങ്ങൾക്ക് തൊഴിൽ ശാലനിർമ്മാണം	30.00
60.	വകുപ്പുതല ഖാദി നിർമ്മാണ കേന്ദ്രങ്ങളുടെ പുനരുദ്ധാരണം	10.00
61.	നൂൽ ഉല്പാദകർക്കും നെയ്ത്തുകാർക്കും ഉല്പാദനത്തെ അടിസ്ഥാനമാക്കിയുള്ള പ്രോത്സാഹന സഹായവും സിൽക്ക് ഉല്പാദന കേന്ദ്രങ്ങൾസ്ഥാപിക്കൽ	200.00
62.	തേനീച്ച വളർത്തൽ വ്യവസായ വികസനം	5.00
63.	പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി	50.00
64	കോട്ടയത്തുള്ള തേൻ സംസ്ക്കരണ യൂണിറ്റ്	15.00
65.	എറണാകുളം നെടുമ്പാശ്ശേരി എയർപോർട്ടിലെ ഖാദി ഗ്രാമസൗഭാഗ്യ യൂണിറ്റ്	15.00

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	
66.	പട്ടുനൂൽ വ്യവസായം	105.00	
67.	കശുവണ്ടി വ്യവസായ പുനരുജ്ജീവനം	2000.00	
68.	ആധുനിക പായ്ക്കിംഗ് രീതികൾ ഏർപ്പെടുത്തുന്നതിന്	280.00	
69.	കശുവണ്ടി ഫാക്ടറികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും	1160.50	
70.	ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും	400.00	
71.	കണ്ണൂരിലുള്ള ബീഡി തൊഴിലാളികളുടെ പുനരധിവാസം (ദിനേശ് ബീഡി തൊഴിലാളി സഹകരണ സംഘം)	3.00	
72.	ദിനേശ് ബീഡിതൊഴിലാളി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒഴികെയുള്ള ബീഡി തൊഴിലാളികൾക്കുള്ള ധനസഹായം	3.00	അന്തിമ കണക്ക് ലഭ്യമായിട്ടില്ല
73.	തൊഴിലാളികളുടെ സുരക്ഷിതത്വവും ക്ഷേമവും	20.00	
74.	കെ.എസ്.ആർ.ടി.സി.-യുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ	800.00	
75.	റീജിയണൽ കാൻസർസെന്റർ, തിരുവനന്തപുരം	700.00	
76.	വിദ്യാർത്ഥികളുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തൽ	200.00	
77.	പോലീസ് വകുപ്പിൽ നടപ്പിലാക്കുന്ന ലിംഗ ഭേദ അവബോധന പരിപാടി-ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം	400.00	
78.	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്	10.00	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
79.	നഴ്സിംഗ് വിദ്യാഭ്യാസം	50.00
80.	സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പുതിയ ആശുപത്രികൾ സ്ഥാപിക്കൽ	50.00
81.	സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ/ അക്രമത്തിനിരയായവർക്കുള്ള ആരോഗ്യ സംരക്ഷണം	50.00
82.	നഴ്സിംഗ് കോളേജ്, തിരുവനന്തപുരം	100.00
83.	നഴ്സിംഗ് കോളേജ്, കോഴിക്കോട്	60.00
84.	നഴ്സിംഗ് കോളേജ്, കോട്ടയം	60.00
85.	നഴ്സിംഗ് കോളേജ്, ആലപ്പുഴ	60.00
86.	നഴ്സിംഗ് കോളേജ്, തൃശ്ശൂർ	53.00
87.	നഴ്സിംഗ് വിദ്യാഭ്യാസം ശക്തിപ്പെടുത്തൽ	60.00
88.	വനിതാ ആരോഗ്യ സംരക്ഷണ കേന്ദ്രം-ഹോമിയോപ്പതി (സീതാലയം)	48.00
89.	നഗരപ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങൾക്കുള്ള നവീന ഭവന പദ്ധതി	80.00
90.	നിർമ്മിതി കേന്ദ്രം	14.25
91.	പൊതു വിഭാഗ താമസ സൗകര്യം-ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം	305.00
92.	പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം	350.00
93.	വനിതാ സംരംഭങ്ങൾ-സ്വയംസഹായ സംഘങ്ങളിലൂടെ	75.00

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	
94.	പെൺകുട്ടികൾക്കുവേണ്ടിയുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം-ബാബു ജഗ്ജീവൻ റാം ഛത്രവാസ് യോജന-100% കേന്ദ്രാവിഷ്കൃതം	300.00	
95.	ഭാരതദർശനം	10.00	
96.	പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ	192.00	
97.	പ്രീ മെട്രിക്കുലേഷൻ സ്റ്റഡീസ്	24.00	
98.	മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ	308.25	
99.	വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ സൗകര്യം	100.00	
100.	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്പോർട്സിലും ഗെയിംസിലുമുള്ള നിലവാരം ഉയർത്തൽ	79.00	
101.	സ്വാശ്രയ കോളേജുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സഹായം	520.00	
102.	പോസ്റ്റ് മെട്രിക്കുലേഷൻ സ്റ്റഡീസ്	7345.00	
103.	സിവിൽ സർവീസ് എക്സാമിനേഷനുള്ള സൊസൈറ്റി	17.00	
104.	സെന്റർ ഓഫ് എക്സലൻസ്	56.00	
105.	പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹത്തിനുള്ള സഹായം	40.00	
106.	കുടുംബശ്രീ പദ്ധതിയുടെ ഗിരിവർഗ്ഗ മേഖലയിലേക്കുള്ള വ്യാപനം	50.00	അന്തിമ കണക്ക് ലഭ്യമായിട്ടില്ല.
107.	ട്രൈബൽ പ്രൊമോട്ടേഴ്സ്	130.00	
108.	പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ	28.00	
109.	ട്രൈബൽ ഹോസ്റ്റലുകളുടെ പുരോഗതി	40.00	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
110.	പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (പട്ടികവർഗ്ഗം) (100% കേന്ദ്രാവിഷ്കൃതം)	420.00
111.	പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം (50% സംസ്ഥാന വിഹിതം)	118.00
112.	പോസ്റ്റ് മെട്രിക്കുലേഷൻ സ്റ്റഡീസ്	437.00
113.	പ്രീ-മെട്രിക്കുലേഷൻ സ്റ്റഡീസ്	45.00
114.	രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/ അവിവാഹിതർ/എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി	80.00
115.	കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ	225.00
116.	വനിതാ വികസന പദ്ധതികൾ	135.00
117.	കേരള വനിതാ കമ്മീഷൻ	84.00
118.	അംഗൻവാടി സ്ഥാപനങ്ങളെ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം	100.00
119.	സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി	345.00
120.	വനിതകൾക്ക് വേണ്ടിയുള്ള ഹിനിഷിംഗ് സ്കൂളുകൾക്കായുള്ള സുപ്രധാന പരിപാടി	250.00
121.	കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മനഃശാസ്ത്രസേവനം	320.00
122.	ജെൻഡർ ബഡ്ജറ്റിംഗിന് തുടക്കം	220.00
	ആകെ	30731.80

LIBRARY ARCHIVES Kerala Legislative Assembly

(സി) 2010-11-ൽ സർക്കാർ വകുപ്പുകൾവഴി നടപ്പിലാക്കുന്ന മൊത്തം പദ്ധതി വിഹിതത്തിന്റെ 4.5% സ്ത്രീകൾമാത്രം ഗുണഭോക്താക്കളായ സ്കീമുകൾക്ക് മാറ്റിവച്ചിട്ടുണ്ട്.

ശമ്പള കമ്മീഷൻ റിപ്പോർട്ട്

95 (2573) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശമ്പളകമ്മീഷൻ റിപ്പോർട്ടിൽ റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർ മുതൽ വില്ലേജ് ഓഫീസർ വരെയുള്ള തസ്തികകളുടെ ശമ്പളം സമാന തസ്തികക്ക് ശുപാർശ ചെയ്ത സ്കെയിലുകളേക്കാൾ താഴ്ന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) എങ്കിൽ അവരുടെ വേതന നിരക്കുകൾ ഉയർത്തുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(സി) ജോലിഭാരം കൂടുതലുള്ളതും അടിയന്തര ഘട്ടങ്ങളിൽ കഠിനാദ്ധ്വാനം ചെയ്യേണ്ടതുമായ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് സ്പെഷ്യൽ പേ അനുവദിക്കുമോ ?

(ഡി) പഞ്ചായത്തു സെക്രട്ടറി ഗസറ്റഡ് തസ്തികയാക്കി മാറ്റിയതുപോലെ കൂടുതൽ ജോലിഭാരമുള്ള വില്ലേജ് ഓഫീസർ തസ്തികക്കും ഗസറ്റഡ് പദവി നൽകുമോ ?

ഉത്തരം

(എ-ഡി) ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭ ഉപസമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. ആയതിനാൽ ഇപ്പോൾ ഈ ചോദ്യങ്ങൾക്ക് പ്രസക്തിയില്ല.

ശമ്പള പരിഷ്കരണ ശുപാർശകൾ

96 (T 2574) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ശമ്പള പരിഷ്ക്കരണ ശുപാർശകൾ പ്രകാരം പോലീസ്, ഫയർഫോഴ്സ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിലെ സമാന തസ്തികകളിലെശമ്പളം ഏകീകരിച്ചപ്പോൾ വനസംരക്ഷണ സേനയിലെ അംഗങ്ങളെ ശമ്പള കമ്മീഷൻ അവഗണിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നതിനാൽ ചോദ്യം പ്രസക്തമല്ല.

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly